**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** — **15-02-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സർവ്വെയ്ക്കുവേണ്ടി ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 22 വില്ലേജുകളിൽ 8 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കി 3 വില്ലേജുകളുടെ 90% സർവ്വെ ജോലികളും 2 വില്ലേജുകളുടെ 70-90% ജോലികളും ബാക്കി 9 വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 22 വില്ലേജുകളിലായി നാളിതുവരെ 19,988 ഹെക്ടർ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ട സർവ്വെ പ്രവർത്തനങ്ങൾക്ക് 20/10/2023 ന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ളതും ആയതിൽ 21 വില്ലേജുകളെ തിരുവനന്തപുരം ജില്ലയിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ 2 വില്ലേജുകളിൽ സർവ്വെ ആരംഭിച്ചിട്ടുള്ളതുമാണ്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിലും തുടർന്നുള്ള ഘട്ടങ്ങളിലുമായി കൂടുതൽ വില്ലേജുകളുടെ സർവ്വെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ